# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

**ജൂലൈ5**

**July 52020**

**1195മിഥുനം 21ഞായർ**

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

### കോവിഡ്വ്യാപനം: പോലീസ്കടുത്ത നടപടികളിലേക്ക്

കൂടുതൽ പോസിറ്റീവ്കേസുകൾറിപ്പോർട്ടാകുന്ന സാഹചര്യത്തിൽസർക്കാരും, ആഭ്യന്തര, ആരോഗ്യവകുപ്പുകളും പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ നടപ്പാക്കാൻ കടുത്ത നടപടികളിലേക്കുകടന്നതായിജില്ലാപോലീസ് മേധാവികെ.ജി. സൈമൺ അറിയിച്ചു. സമൂഹവ്യാപനമു ാവാതിരിക്കാൻ സാമൂഹ്യഅകലം പാലിക്കുന്നത് ഉൾപ്പെടെയുള്ള നിർദേശങ്ങളും നിബന്ധനകളുംആളുകൾ നിർബന്ധമായും അനുസരിക്കണം. സമൂഹവുമായികൂടുതൽഅടുത്തിടപഴകുന്ന പോലീസ്ഉദ്യോഗസ്ഥർഇക്കാര്യത്തിൽകൂടുതൽസൂക്ഷ്മത പുലർത്തണം. ജില്ലയിൽആരോഗ്യപ്രവർത്തകർഉൾപ്പെടെയുള്ളവർക്ക്കോവിഡ് ബാധയു ായത്അതീവഗൗരവതരമായികാണേ തു ്. സമ്പർക്കത്തിലൂടെയുള്ളരോഗപ്പകർച്ചയുംസൂക്ഷിക്കണം. നിയന്ത്രണങ്ങൾ നടപ്പാക്കാൻ കടുത്തനടപടികൾക്കു പോലീസ്ഉദ്യോഗസ്ഥർക്കു നിർദേശം നൽകിയതായിജില്ലാപോലീസ് മേധാവിഅറിയിച്ചു.

കടകൾ, മറ്റുവ്യപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ 25 പേരിൽകൂടുതൽഒരുസമയം പാടില്ല, സാനിറ്റൈസർഉടമലഭ്യമാക്കണം. പൊതുസ്ഥലത്തുംജോലിസ്ഥലത്തുംവാഹനങ്ങളിലുംമാസ്ക് നിർബന്ധമായും ധരിക്കണം. പൊതുസ്ഥലത്തും, പരിപാടികൾക്കുംമറ്റുംഒത്തുകൂടുന്നവർആറടിഅകലം പാലിക്കണം. വിവാഹച്ചടങ്ങുകളിൽഒരുസമയം 50 പേരിൽകൂടരുത്. സാനിറ്റൈസർ, മാസ്ക്, നിശ്ചിതഅകലം പാലിക്കണം. അനുമതിയോടുകൂടിമാത്രമേജാഥകളുംമറ്റും നടത്താവൂ, അതും 10 പേരെ മാത്രമേ അനുവദിക്കുകയുള്ളൂ

റോഡിലും ഫുട്പാത്തിലും പൊതുസ്ഥലത്തുംതുപ്പരുത്. ഇപ്പറഞ്ഞ നിർദേശങ്ങൾ പാലിക്കാതിരിക്കുന്നവർക്കു 10000 രൂപവരെ പിഴയുംര ുവർഷംവരെതടവുംലഭിക്കാം. വ്യാപാര സ്ഥാപനങ്ങളിലെത്തുന്ന ഉപഭോക്താക്കൾസുരക്ഷാമാനദണ്ഡങ്ങൾ നിർബന്ധമായും പാലിക്കണം. വ്യാപാരികൾ പാലിക്കേ  നിർദേശങ്ങൾഅവരും അനുസരിക്കണം. പോലീസ്ഉദ്യോഗസ്ഥർകൂടുതൽ ശ്രദ്ധാലുക്കളാവണം. യാത്രകൾ നിയന്ത്രിക്കുകയും, ഡ്യൂട്ടികഴിഞ്ഞു നേരെവീട്ടിലെത്തുകയുംവേണം. സന്ദർശനങ്ങൾ ഒഴിവാക്കുകയും നിയന്ത്രണങ്ങൾ പാലിക്കുകയുംചെയ്യണം. മുഖാവരണംശീലമാക്കുകയുംസാമൂഹ്യഅകലം പുലർത്തുകയുംവേണം. സുരക്ഷാമാനദണ്ഡങ്ങൾ പോലീസ്ഉദ്യോഗസ്ഥർലംഘിക്കരുതെന്നുംജില്ലാപോലീസ് മേധാവിആവശ്യപ്പെട്ടു.

വീടുകളിലുംസ്ഥാപനങ്ങളിലുംക്വാറന്റീനിൽ കഴിയാൻ നിർദേശിക്കപ്പെട്ടവർലംഘിക്കുന്ന സംഭവങ്ങൾറിപ്പോർട്ട് ചെയ്യുന്നു ്. ജനമൈത്രി പോലീസ് ബീറ്റ്ഓഫീസർമാർ നിരീക്ഷണം ശക്തമാക്കാൻ നിർദേശിച്ചിട്ടുള്ളതായിജില്ലാപോലീസ് മേധാവിഅറിയിച്ചു. നേരിട്ടുംഅല്ലാതെയുംഇവരെ നിരീക്ഷിക്കുന്നു ്.

ലംഘിക്കുന്നവർക്കെതിരെ പകർച്ചവ്യാധി തടയൽ നിയമത്തിലെ നിർദിഷ്ടവകുപ്പുകൾകൂട്ടിച്ചേർത്ത്കേസെടുത്തുവരുന്നു. ജനമൈത്രി ബീറ്റ്ഓഫീസർക്ക്കിട്ടിയവിവരമനുസരിച്ച് പന്തളംമങ്ങാരത്തുഒരാൾക്കെതിരെ പന്തളം പോലീസ്കേസെടുത്തു. കുവൈറ്റിൽനിന്നുവന്ന മങ്ങാരംസ്വദേശിയായ 50 കാരനോട് ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റീനിൽ പോകാൻ ആരോഗ്യവകുപ്പ് അധികൃതർ നിർദേശിച്ചുവെങ്കിലുംഇയാൾഅതിനു തയാറാകാതെവീട്ടിൽകഴിയുകയും, എന്നാൽറൂംക്വാറന്റീനിൽതുടരാതെ പുറത്തിറങ്ങി നടക്കുകയുംചെയ്യുന്നതായറിഞ്ഞ ബീറ്റ്ഓഫീസർ പോലീസ് ഇൻസ്പെക്ടറെഅറിയിച്ചതിനെ തുടർന്നാണ് നടപടി. ഇത്തരംസംഭവങ്ങൾജില്ലയിൽറിപ്പോർട്ട് ചെയ്യുന്നുെ ന്നും, ഇതിനെതിരെകർശന നിയമ നടപടികൾതുടർന്നുംകൈക്കൊള്ളുമെന്നുംജില്ലാപോലീസ് മേധാവിവ്യക്തമാക്കി.

ഓൺലൈൻ പഠനോപകരണങ്ങൾ, മറ്റുസഹായങ്ങൾതുടങ്ങിയവഅർഹർക്ക്എത്തിച്ചുവരുന്നതായും, അത്തരം പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുന്നുെ ന്നുംജില്ലാപോലീസ് മേധാവി പറഞ്ഞു. ജനമൈത്രി, എസ്.പി.സി പ്രൊജക്റ്റ് തുടങ്ങിയസംവിധാനങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തിവരുന്നു. അതിഥിതൊഴിലാളികൾക്കുംവേ  സഹായങ്ങൾഎത്തിക്കുന്നു ്.

പൊതുജനങ്ങൾക്ക്കോവിഡ്വ്യാപനവുമായി ബന്ധപ്പെട്ട എന്തുസേവനങ്ങൾക്കുംഏതുനേരവുംജില്ലയിലെ പോലീസ്ഉദ്യോഗസ്ഥരെ ബന്ധപ്പെടാവുന്നതാണെന്നുംസഹ്യാദ്രി സോൾഡിയെഴ്സ് എന്ന സന്നദ്ധസംഘടനയുടെ നേതൃത്വത്തിൽ നടന്ന ഭക്ഷണ കിറ്റ്വിതരണം ഫ്ളാഗ്ഓഫ്ചെയ്തുകൊ ്ജില്ലാപോലീസ് മേധാവിഅറിയിച്ചു.

ലോക്ക്ഡൗൺ ലംഘനങ്ങൾക്കുകേസ്രജിസ്റ്റർചെയ്തുവരുന്നതായുംജില്ലാപോലീസ് മേധാവി പറഞ്ഞു. ഇന്നലെ 18 കേസുകൾഎടുത്തു, 17 പേരെഅറസ്റ്റ്ചെയ്യുകയും, ആറുവാഹനങ്ങൾ പിടിച്ചെടുക്കുകയുംചെയ്തു. മാസ്ക് ധരിക്കാത്തതിന് 50 പേർക്ക് നോട്ടീസ് നൽകി. (പിഎൻപി 2848/20)

## കോന്നിസബ്റീജിയണൽ ട്രാൻസ്പോർട്ട്ഓഫീസ്ഉദ്ഘാടനം ഏഴിന്

കോന്നിസബ്റീജിയണൽ ട്രാൻസ്പോർട്ട്ഓഫീസ്ഉദ്ഘാടനത്തിനുള്ളഒരുക്കങ്ങൾ പൂർത്തിയായതായികെ.യു. ജനീഷ്കുമാർഎംഎൽഎഅറിയിച്ചു. അവസാനവട്ട ഒരുക്കങ്ങൾ പരിശോധിക്കാൻ എംഎൽഎയും, പത്തനംതിട്ട ആർടിഒജിജിജോർജുംഓഫീസ്സന്ദർശിച്ചു.

ജൂലൈഏഴിന് രാവിലെ 11 ന്ഗതാഗതവകുപ്പ്മന്ത്രി എ.കെ.ശശീന്ദ്രനാണ്ഓഫീസ്ഉദ്ഘാടനം ചെയ്യുന്നത്. സംസ്ഥാനത്ത് പുതിയതായി

അനുവദിച്ച ഏഴ്ഓഫീസുകളിൽഉദ്ഘാടനത്തിനു തയാറായആദ്യഓഫീസ്ആണ്കോന്നി. കെ.എൽ – 83 എന്ന കോഡിലായിരിക്കുംകോന്നിയിൽരജിസ്റ്റർചെയ്യുന്ന വാഹനങ്ങൾ പുറത്തിറങ്ങുക. കോവിഡ് മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചായിരിക്കുംഉദ്ഘാടനം നടത്തുകയെന്ന്എംഎൽഎ പറഞ്ഞു. ഇതുസംബന്ധിച്ച് റവന്യൂ, ഹെൽത്ത്, പോലീസ്ഡിപ്പാർട്ട്മെന്റുകൾആവശ്യമായ ക്രമീകരണങ്ങൾഏർപ്പെടുത്തും.

കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേ തിനാൽഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുന്നതിനുള്ള നിയന്ത്രണങ്ങൾ മനസിലാക്കിഎല്ലാവരുംസഹകരിക്കണമെന്ന്എംഎൽഎ അഭ്യർഥിച്ചു. കോവിഡ്കാലത്തുംവികസന പ്രവർത്തനങ്ങൾ തടസംകൂടാതെമുന്നോട്ടുകൊ ുപോകാനുള്ള പരിശ്രമമാണ് നടത്തുന്നത്. കൃത്യമായ ഇടപെടലും, ചിട്ടയായആസൂത്രണവും നടത്തിയതുകൊ ാണ് പുതിയതായി അനുവദിച്ച ജോയിന്റ്ആർടിഒഓഫീസുകളിൽആദ്യത്തേതായികോന്നിഓഫീസ്ഉദ്ഘാടനത്തിനു തയാറായതെന്നുംഎംഎൽഎ പറഞ്ഞു. (പിഎൻപി 2849/20)

## ചിറ്റാറിൽഇന്ന് (ജൂലൈആറ്) മോക്ഡ്രിൽസംഘടിപ്പിക്കും

ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ഇൻസിഡന്റ് റെസ്പോൺസ്സിസ്റ്റത്തിന്റെ (ഐ.ആർ.എസ്) ഭാഗമായികോന്നിതാലൂക്കിനു കീഴിലുള്ളചിറ്റാറിൽഇന്ന് (ജൂലൈആറിന് ) രാത്രിഏഴിന് മോക്ക്ഡ്രിൽസംഘടിപ്പിക്കും.

(പിഎൻപി 2850/20)

## കാവനാൽകടവ് പാലംഉദ്ഘാടനം ഇന്ന് (ജൂലൈ 6)

മല്ലപ്പള്ളി – ആനിക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിച്ച്മണിമലയാറിന് കുറുകെ നിർമിച്ച കാവനാൽകടവ് പാലത്തിന്റെഉദ്ഘാടനം ഇന്ന് (ജൂലൈ 6)രാവിലെ 11.30ന് പൊതുമരാമത്ത്വകുപ്പ് മന്ത്രി ജി.സുധാകരൻ വീഡിയോകോൺഫറൻസ് വഴി നിർവഹിക്കും. മാത്യു.ടിതോമസ്എംഎൽഎയുടെ അധ്യക്ഷതയിൽമുരണിയുപി സ ്കൂൾകെട്ടിടത്തിൽ നടക്കുന്ന ചടങ്ങിൽആന്റോആന്റണിഎംപി മുഖ്യാതിഥിയാകും.

(പിഎൻപി 2851/20)

**ഫോട്ടോ അടിക്കുറിപ്പ് – ആർടിഒ –**

ഉദ്ഘാടനത്തിനുള്ളഒരുക്കങ്ങൾ പൂർത്തിയായകോന്നിസബ്റീജിയണൽ ട്രാൻസ്പോർട്ട്ഓഫീസ്കെ.യു. ജനീഷ്കുമാർഎംഎൽഎ സന്ദർശിക്കുന്നു.




MOTOR VEHICLES DEPARTMENT
MVD
DESPATCH

**പത്തനംതിട്ട ജില്ല**
**കോവിഡ്19  കൺട്രോൾ സെൽ ബുള്ളറ്റിൻ**
**തീയതി.05.07.2020**

……………………………………………………………………………

പത്തനംതിട്ട ജില്ലയിൽ ഇന്ന് (5) മൂന്നു പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു.

1) ജൂൺ 27ന് കുവൈറ്റിൽ നിന്നും എത്തിയ ഏറത്ത്, വയല സ്വദേശിയായ 35 വയസുകാരൻ. 2)ജൂൺ 23 ന് കുവൈറ്റിൽ നിന്നും എത്തിയ ഏഴംകുളം സ്വദേശിയായ 39 വയസുകാരൻ എന്നിവർക്കാണ് ഇന്ന് (5) രോഗം സ്ഥിരീകരിച്ചത്. കൂടാതെ 3) സൗദിയിൽ നിന്ന് എത്തിയ പന്തളം സ്വദേശിനിയായ 43 വയസുകാരി ഇന്ന് (5) രോഗം സ്ഥിരീകരിച്ച് മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളജിൽ ചികിത്സയിൽ. ഈ വ്യക്തി പത്തനംതിട്ട ജില്ലയിൽ എത്തിയിട്ടില്ല.

ജില്ലയിൽ ഇതുവരെ ആകെ 355 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. കോവിഡ്-19 മൂലം ജില്ലയിൽ ഇതുവരെ ഒരാൾ മരണമടഞ്ഞിട്ടു ്. ഇന്ന് (5)ജില്ലയിലുള്ള 27 പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം 195 ആണ്.

നിലവിൽ പത്തനംതിട്ട ജില്ലക്കാരായ 159 പേർ രോഗികളായിട്ടു ്. ഇതിൽ 148 പേർ ജില്ലയിലും, 11 പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 70 പേരും, കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ 14 പേരും, അടൂർ ജനറൽ ആശുപത്രിയിൽ മൂന്നു പേരും, റാന്നി മേനാംതോട്ടം സിഎഫ്എൽടിസിയിൽ 59 പേരും, പന്തളം അർച്ചന സിഎഫ്എൽടിസിയിൽ 21 പേരും ഐസൊലേഷനിൽ ഉ ്. സ്വകാര്യ ആശുപത്രികളിൽ ഒൻപതു പേർ ഐസൊലേഷനിൽ ഉ ്. ജില്ലയിൽ ആകെ 176 പേർ വിവിധ ആശുപത്രികളിൽ ഐസോലേഷനിൽ ആണ്.

ഇന്ന് (5) പുതിയതായി ഒൻപതു പേരെ

ഐസൊലേഷനിൽ പ്രവേശിപ്പിച്ചു.
ജില്ലയിൽ 176 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 2783 പേരും വിദേശത്തുനിന്നും തിരിച്ചെത്തിയ 2589 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് (5) തിരിച്ചെത്തിയ 196 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് (5) എത്തിയ 172 പേരും ഇതിൽ ഉൾപ്പെടുന്നു.

ആകെ 5548 പേർ നിരീക്ഷണത്തിലാണ്. ജില്ലയിൽ വിദേശത്തുനിന്നും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തുന്നവരെ താമസിപ്പിക്കുന്നതിന് 136 കോവിഡ് കെയർ സെന്ററുകൾ സജ്ജീകരിച്ചിട്ടു ്. ഇവയിൽ നിലവിൽ 1497 പേർ താമസിക്കുന്നു ്.

ജില്ലയിൽ നിന്ന് ഇന്ന് (5) സാമ്പിളുകൾ ഒന്നും പരിശോധനയ്ക്ക് അയച്ചിട്ടില്ല. ഇതുവരെ ജില്ലയിൽ നിന്നും 16145 സാമ്പിളുകൾ ആണ് പരിശോധനയ്ക്കായി അയച്ചിട്ടുള്ളത്.

ജില്ലയിൽ ഇന്ന് (5) 327 സാമ്പിളുകൾ നെഗറ്റീവായി റിപ്പോർട്ട് ചെയ്തു. ഇന്നു(5)വരെ അയച്ച സാമ്പിളുകളിൽ 348 എണ്ണം പൊസിറ്റീവായും 14318 എണ്ണം നെഗറ്റീവായും റിപ്പോർട്ട് ലഭിച്ചിട്ടു ്. 853 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 68 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 126 കോളുകളും ലഭിച്ചു.

ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് (5) 876 കോളുകൾ നടത്തുകയും, 27 പേർക്ക് കൗൺസലിംഗ് നൽകുകയും ചെയ്തു. പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ കൂടി.